**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ നീക്കിവെച്ചിട്ടുള്ള ആകെ തുക എത്രയാണ്; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | 2024-25 സാമ്പത്തിക വർഷം മത്സ്യബന്ധനം, തുറമുഖ-എഞ്ചിനീയറിംഗ്, ഫിഷറീസ് യൂണിവേഴ്സിറ്റി എന്നിവയുടെ പ്രവർത്തനത്തിനായി 425.10 കോടി രൂപ പദ്ധതിയിനത്തിലും, 243.94 കോടി രൂപ പദ്ധതിയിതര ഇനത്തിലുമായി ആകെ 669.04 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഇനത്തിൽ 191.34 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ളത്. അവയിൽ 45.4332 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തുറമുഖ എൻജിനിയറിങ് വകുപ്പ് മുഖേന 6031 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്കായും വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ പദ്ധതിയിതര ഇനത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 27.50 കോടി രൂപ വകയിരുത്തുകയും സീലിംഗ് പരിധി ഒഴിവാക്കി ആയത് പൂർണ്ണമായും വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൽ 20.7453കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നതിന് 25 കോടി രൂപ വകയിരുത്തുകയും 9.6109 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി പെൻഷൻ നൽകുന്നതിനായി 46.13 കോടി രൂപയും മത്സ്യത്തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി (തണൽ) പ്രകാരം 7.5 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം പട്ടിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പദ്ധതിയിനം

| ക്രമ. നം. | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) (റീ അപ്രോപ്രിയേഷൻ ഉൾപ്പെടെ) |
|---|---|---|---|
| 1 | ഫിഷർമെൻ ഡെവലപ്മെന്റ് | 11248 | 3565.5 |
| 2 | എൻ സി ഡി സി സഹായത്തോടെ മത്സ്യഫെഡ് വഴി നടപ്പാക്കുന്ന ഐ എഫ് ഡി പി പദ്ധതി | 1200 | 0 |
| 3 | മറൈൻ ഫിഷറീസ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 2010 | 929.62 |
| 4 | സമ്പാദ്യ സമാശ്വാസ പദ്ധതി | 4400 | 0 |
| 5 | റിസർവോയർ ഫിഷറീസ് | 100 | 24.20 |
| 6 | ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ഊന്നി/ ചീന വലകൾ നീക്കം ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം | 0 | 4 |
| 7 | വേമ്പനാട് | 100 | 20 |
| 8 | സമുദ്ര ബസ്സ് | 76.5 | 0 |
| ആകെ | | 19134.5 | 4543.32 |

## പദ്ധതിയിതര ഇനം

| ക്രമ. നം. | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) (റീ അപ്രോപ്രിയേഷൻ ഉൾപ്പെടെ) |
|---|---|---|---|
| 1 | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം. | 2500 | 961.09 |
| 2 | രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസനുകൂല്യം. | 2750 | 2074.53 |
| 3 | മത്സ്യത്തൊഴിലാളി പെൻഷൻ | – | 4612.84 |
| 4 | തണൽ | – | 750.00 |
| ആകെ | | 5250 | 8398.46 |